**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 996 — 06.06.2018 ന് മറുപടിയ്ക്ക്.

**കോന്നി ആനത്താവളത്തിലെ ആനയെ തിരികെ എത്തിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയെ മൂന്നാറിലെ കാപ്പുകാട് എന്ന സ്ഥലത്ത് കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൊണ്ടുപോയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൊണ്ടുപോയത്; | (എ) ഉണ്ട്. കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയെ 06.08.2017-ലാണ് കൊണ്ടുപോയിട്ടുള്ളത്. |
| (ബി) പ്രസ്തുത ആനയെ നാളിതുവരെ തിരികെ കോന്നിയിൽ എത്തിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയ്ക്ക് പ്രായാധിക്യം ഉണ്ട്. കാട്ടിൽ ഒറ്റപ്പെട്ട് പോകുന്ന കുട്ടി ആനകളെയും പ്രായാധിക്യം ഉള്ള മറ്റാനകളെയും പരിപാലിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. കോന്നി ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സയ്ക്കും പരിപാലനത്തിനുമായി പ്രസ്തുത ആനയെ നിലവിൽ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തിൽ സംരക്ഷിച്ചു വരുന്നുണ്ട്. |
| (സി) ഈ ആനയെ കോന്നിയിൽ തിരികെ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. കത്തു നൽകിയിരുന്നോ; എങ്കിൽ എന്നാണ്; | (സി) ഈ ആനയെ കോന്നിയിൽ തിരികെ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ അഡ്വ. അടൂർ പ്രകാശ് 04.04.2018 തീയതിയായി കത്ത് നൽകിയിരുന്നു |
| (ഡി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) കത്തിലെ ആവശ്യം പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ കോന്നി വെറ്ററിനറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ആനയെ കോന്നിയിൽ തിരികെ എത്തിയ്ക്കാൻ നിർദ്ദേശം നൽകുമോ? | (ഇ) ആനയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് വെറ്ററിനറി ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ച് മാത്രമെ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ.